## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5092 — 23/3/2018-ലെ മറുപടി

## വാട്ടർ അതോറിറ്റിയുടെ അക്കൗണ്ട്സ് ജോലികൾക്ക് പുറം കരാർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അനൂപ് ജേക്കബ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |

**ചോദ്യം (എ)** സംസ്ഥാന വാട്ടർ അതോറിറ്റിയിലെ അക്കൗണ്ട്സ് വിഭാഗത്തിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നും പ്രസ്തുത വിഭാഗത്തിന്റെ പ്രധാന ചുമതല എന്താണെന്നും വ്യക്തമാക്കുമോ:

**മറുപടി (എ)** കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ട്സ് വിഭാഗത്തിൽ നിലവിലുള്ള ജീവനക്കാരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം | തസ്തികയുടെ പേര് | അനുവദിച്ചിട്ടുള്ള തസ്തികകൾ | നിലവിലുള്ള ജീവനക്കാർ |
| --- | --- | --- | --- |
| 1 | അക്കൗണ്ട്സ് ഓഫീസർ | 1 | 1 |
| 2 | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 1 | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 2 | 2 |
| 4 | ഹെഡ് ക്ലാർക്ക് | 3 | 2 |
| 5 | എൽ.ഡി.സി/ യു.ഡി.സി | 4 | 2 |
| 6 | ലാസ്റ്റ് ഗ്രേഡ് | 1 | 1 |

കേരളത്തിലെ എല്ലാ ഓഫീസുകളുടെയും (Account Rendering Unit) പ്രതിമാസ അക്കൗണ്ട്സ് പരിശോധിച്ച് വേണ്ട തിരുത്തലുകൾ വരുത്തി അതോറിറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഉണ്ടാക്കുകയും ടി കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരത്തിനുശേഷം ഗവൺമെന്റിൽ സമർപ്പിക്കുകയുമാണ് ടി വിഭാഗത്തിന്റെ ചുമതല. അക്കൗണ്ട്സ്, ഫിനാൻസ്, പെൻഷൻ, ജി.പി.എഫ്, ഇന്റേണൽ ഓഡിറ്റ് തുടങ്ങിയ സെക്ഷനുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത് ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ, അക്കൗണ്ട്സ് മാനേജർ, ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് മെമ്പർ തുടങ്ങിയ തസ്തികകളിലെ ജീവനക്കാരാണ്.

**ചോദ്യം (ബി)** പ്രസ്തുത വിഭാഗം കൈകാര്യം ചെയ്യുന്ന ജോലികൾ പുറം കരാർ നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**മറുപടി (ബി)** 28/11/2017-ലെ അതോറിറ്റിയുടെ 398-ാമത് മീറ്റിംഗിലെ തീരുമാനം അനുസരിച്ച് 2014-15 മുതൽ 2016-17 വരെയുള്ള അക്കൗണ്ട്സ് തീർപ്പാക്കുന്നതിന് പുറം കരാർ നൽകുവാൻ തീരുമാനിച്ചു. ഇതിനോടനുബന്ധിച്ചുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

Renuka Sankar
സെക്ഷൻ ഓഫീസർ